## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1115 12.03.2015-ൽ മറുപടിയ്ക്ക്

### <u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

| <u>ചോദ്യം</u><br>ശ്രീ. സാജു പോൾ | | <u>ഉത്തരം</u><br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br>ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് സ.ഉ(പി) നം. 69/14/പൊ.വി.വ. തീയതി 28.04.2014 പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നത് ഏതെല്ലാം നടപടിക്രമങ്ങളിലൂടെയാണ്; | (ബി) | എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിനായി സ.ഉ(പി) നം. 259/14/പൊ.വി.വ. തീയതി 02.12.2014 പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എയ്ഡഡ് പദവി നൽകുന്നതിന് പൊതുവിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ നോട്ടിഫിക്കേഷന്റെ വിശദാംശം നൽകാമോ; | (സി) & (ഡി) | അപേക്ഷ ക്ഷണിച്ചിരുന്നില്ല. |
| (ഡി) | എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ; ഇവയിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ഏതെല്ലാം സ്കൂളുകളുടെ കാര്യത്തിലാണ്; | | |
| (ഇ) | മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന പുതിയ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുദ്ദേശമുണ്ടോ; ഒരു താലൂക്കിൽ എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകും; | (ഇ) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതാണ്. മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |
| (എഫ്) | ആകെ എത്ര കോടി രൂപയുടെ അധിക ചെലവ് ഇതുവഴി ഉണ്ടാകും; ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് എന്തായിരുന്നു? | (എഫ്) | സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. |
| (ജി) | എയ്ഡഡ് പദവി നൽകുന്ന സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; | (ജി) | യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ള ഉത്തരവുകൾ നിലവിലില്ല. സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ പരിഗണനാവിഷയത്തിൽ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ